# ശുദ്ധീകരിക്കുവാൻ ഒന്നും ലഭിക്കാത്തവന്റെയും സംശയിച്ചവന്റെയും വിധി

## ശുദ്ധീകരിക്കുവാൻ ഒന്നും ലഭിക്കാത്തവന്റെ വിധി

വുദ്വൂഅ് ചെയ്യുവാനും തയമ്മും നിർവ്വഹിക്കുവാനും കഴിയാത്തവിധം ഒരാൾ ഒരിടത്ത് തടഞ്ഞുവെക്കപ്പെട്ടു. നമസ്കാര സമയം അവസാനിക്കുമെന്ന് അയാൾ ഭയന്നു, അത്തരക്കാർക്ക് എങ്ങനെയാണോ നമസ്കരിക്കുവാൻ കഴിയുന്നത് അപ്രകാരം നമസ്കരിക്കുക. പിന്നീട് മടക്കേണ്ടതില്ല. ശുദ്ധിയാകുവാൻ കഴിയുന്നതുവരെ നമസ്കാരം സമയം കഴിഞ്ഞും പിന്തിപ്പിക്കുവാൻ പാടില്ല.

അല്ലാഹു(ﷻ) പറഞ്ഞു:

فَاتَّقُوا اللَّهَ مَا اسْتَطَعْتُمْ

'അതിനാൽ നിങ്ങൾക്ക് സാധ്യമായവിധം നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക……'

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

( أَيُّما رجُلٍ منْ أُمَّتي أدْرَكَتْهُ الصلاة فَلْيُصَلِّ )

'എൻെറ സമുദായത്തിൽ ഏതൊരാൾക്ക് നമസ്കാരം വന്നെത്തിയോ അയാൾ നമസ്കാരം നിർവ്വഹിക്കട്ടെ' (ബുഖാരി)

## സംശയിച്ചവന്റെ വിധി

ഒരാൾ വുദ്വൂഇൽനിന്ന് വിരമിച്ചു. പിന്നീട് ഏതെങ്കിലും ഒരു വുദ്വൂഇൻെറ ഫർദ്വ് താൻ ചെയ്തുവോ അതല്ല നഷ്ടപ്പെടുത്തിയോ എന്ന് സംശയിച്ചു; ഉറപ്പില്ല. എങ്കിൽ അയാൾ ആ സംശയത്തിലേക്ക് നോക്കേണ്ടതില്ല. നഷ്ടപ്പെടുത്തി എന്ന് ഉറപ്പുണ്ടെങ്കിൽ മാത്രം അയാൾ വുദ്വൂഅ് പുതുക്കിയാൽ മതി. ഒരാൾ മറന്ന് വുദ്വൂഅ് ഇല്ലാതെ നമസ്കരിച്ചു, എങ്കിൽ അയാൾ വുദ്വൂഅ് എടുത്ത് വീണ്ടും നമസ്കരിക്കണം. ഒരാൾ വുദ്വൂഅ് എടുത്ത് ശുദ്ധിവരുത്തിയവനായിരുന്നു. പിന്നീട് വുദ്വൂഅ് നഷ്ടപ്പെട്ടോ ഇല്ലയോ എന്ന് സംശയിച്ചു, എങ്കിൽ സംശയം വെടിഞ്ഞ് അയാൾ (ശുദ്ധിയിലാണ് എന്ന) ഉറപ്പ് സ്വീകരിക്കണം. ഒരാൾ വുദ്വൂഅ് ചെയ്ത് ശുദ്ധിവരുത്താത്തവനായിരുന്നു, പിന്നീട് വുദ്വൂഅ് ചെയ്തിട്ടുണ്ടോ ഇല്ലയോ എന്ന് സംശയിച്ചു. അയാൾ സംശയം വെടിഞ്ഞ് വുദ്വൂഅ് ചെയ്ത് ശുദ്ധിവരുത്തകയാണ് വേണ്ടത്.

**തയ്യാറാക്കിയത്:**
അബ്ദുൽ ജബ്ബാർ അബ്ദുല്ല

**അവലംബം:**
*ശൈഖ് മുഹമ്മദ് ഇബ്നു സ്വാലിഹ് അൽ ഉഥൈമീന്റെ 'അശ്ശറഹുൽ മുംതിഅ്'*
*ശൈഖ് സാലിഹ് ഇബ്നു ഫൗസാൻ അൽ ഫൗസാന്റെ 'അൽ മുലഖ്ഖസ്വുൽ ഫിഖ്ഹി'*
*ശൈഖ് സഈദ് ഇബ്നു മിസ്ഫിർ അൽക്വഹ്ത്വാനിയുടെ 'സ്വലാതുൽ മുഅ്മിൻ'*
*ശൈഖ് ഇബ്രാഹീം ഇബ്നു മുഹമ്മദ് അദ്ദുവയ്യാന്റെ 'മനാറുസ്സബീൽ'*
*അബ്ദുല്ലാഹ് ഇബ്നു മുഹമ്മദ് അത്വയ്യാറിന്റെ 'കിതാബുസ്സ്വലാത്'*